**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.287 — 28.10.2019 ൽ മറുപടിക്ക്

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ 'ആർദ്രം' പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1<br>2. ഡെന്റൽ മെക്കാനിക് - 1<br>3. ലാബ് ടെക്നീഷ്യൻ - 1<br>4. ഡയാലിസിസ് ടെക്നീഷൻ - 2<br>5. സ്റ്റാഫ് നഴ്സ് - 1<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും ടി ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ? | (ബി) | ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 02.06.2017 ലെ സ.ഉ.(സാധാ) നം.1571/17/ആ.ക.വ പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ 37,94,772/- രൂപ (മുപ്പത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) പ്ലാന്റ് നിർമ്മാണത്തിന് ചെലവഴിച്ചു. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ